LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും ' m- സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതോടൊപ്പംതന്നെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഓൺലൈൻ സേവനങ്ങളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്ന സർവീസ് ഡാഷ്ബോർഡും (www.dashboard.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഓരോ വകുപ്പിന്റെയും സേവന വിതരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ ലഭ്യമാകുന്നതാണ്.

**ആലുവ കാഞ്ഞൂർ തിരുനാരായണപുരം അക്ഷയകേന്ദ്രം**

52 (52) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതിയുണ്ടെന്ന് വ്യക്തമാക്കാമോ?

രണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലെ പ്രവർത്തനം നിലച്ച അക്ഷയ കേന്ദ്രം പുനരാരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; അക്ഷയ കേന്ദ്രം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

അപേക്ഷകളൊന്നും പരിഗണനയിലില്ല.

**സ്പ്രിംഗ്ലർ കമ്പനിയുമായി ഒപ്പിട്ട കരാർ**

53 (53) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗബാധയുടെ ആദ്യകാലയളവിൽ വിവര വിശകലനത്തിനായി ഐ.ടി. വകുപ്പ് സ്പ്രിംഗ്ലർ കമ്പനിയുമായി ഒപ്പിട്ട കരാർ ചട്ടവിരുദ്ധമായിരുന്നുവെന്ന് ഇതുസംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന സമിതികൾ കണ്ടെത്തിയിട്ടുണ്ടോ;